## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.792 — 09/11/2016-ൽ മറുപടിക്ക്

### ഇടുക്കി അണക്കെട്ടിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മുഹമ്മദ് മുഹസിൻ പി.**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**,, ഇ.കെ.വിജയൻ** | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്തെ മൊത്തം വൈദ്യുതി ഉൽപ്പാദനത്തിന്റെ എത്ര ശതമാനമാണ് ഇടുക്കി അണക്കെട്ടിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നത്; | (എ) | ഇടുക്കി അണക്കെട്ടിൽ നിന്നുള്ള 2015-16-ലെ ജല വൈദ്യുതി ഉല്പാദനം 2372.246 ദശലക്ഷം യൂണിറ്റാണ്. പ്രസ്തുത കാലയളവിലെ സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ഉല്പാദനത്തിന്റെ 32.95 ശതമാനം ആയിരുന്നു ഇടുക്കി അണക്കെട്ടിൽ നിന്നും ഉല്പാദനം. |
| (ബി) | വൃഷ്ടി പ്രദേശങ്ങളിൽ മഴയില്ലാത്തതിനെത്തുടർന്ന് ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഗണ്യമായി കുറഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; സംഭരണ ശേഷിയുടെ എത്ര ശതമാനം വെള്ളമാണ് ഇപ്പോൾ ഉള്ളതെന്ന് അറിയിക്കുമോ; | (ബി) | വൃഷ്ടി പ്രദേശത്ത് മഴയില്ലാത്തതിനെ തുടർന്ന് ഇടുക്കി അണക്കെട്ടിലേയ്ക്കുള്ള നീരൊഴുക്ക് വളരെ കുറവാണ്. 2015 നവംബർ 2-ാം തീയതി ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 2361.44 അടി ആയിരിക്കേ 2016 നവംബർ 2-ാം തീയതി 2347.28 അടി മാത്രമാണ്. 2016 ഒക്ടോബർ 31 വരെയുള്ള കണക്കനുസരിച്ച് ഇടുക്കി അണക്കെട്ടിൽ മൊത്തം സംഭരണശേഷിയുടെ 43.75 ശതമാനം മാത്രം വെള്ളമാണുള്ളത്. |
| (സി) | മൂലമറ്റം പവർഹൗസിലെ വൈദ്യുതി ഉൽപ്പാദനം കുറച്ച് ജലം കരുതൽ ശേഖരമായി സൂക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | മദ്ധ്യകാല, ദീർഘകാല കരാറുകൾ മുഖേനയും, DBFOO പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴിയും പവർ എക്സ്ചേഞ്ചിൽ നിന്നും കുറഞ്ഞ നിരക്കിൽ ലഭ്യമായ അവസരങ്ങളിൽ വൈദ്യുതി വാങ്ങിയും ജലവൈദ്യുതി |

| | | | |
|---|---|---|---|
| | | | ഉൽപ്പാദനം കുറച്ച് ജല സംഭരണികളിലെ ജലം വരും മാസങ്ങളിലേയ്ക്ക് സംഭരിക്കുന്നുണ്ട്. ഇത്തരത്തിൽ മൂലമറ്റത്തും ഉല്പാദനം കുറച്ച് പരമാവധി ജലം വേനൽക്കാലത്തേക്കുള്ള കരുതൽ ശേഖരമായി സൂക്ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ